


# ബസ്റയിലെ ലൈബ്രേറിയൻ

## ഇറാക്കിൽ നിന്നും ഒരു യഥാർത്ഥകഥ

**ജേനറ്റ് വിന്റർ**

പരിഭാഷ : ജയ്സോമനാഥൻ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

## ആമുഖം

ഇറാഖ് യുദ്ധം ബസ്റയിലേക്ക് വ്യാപിച്ചത് 2003 ഏപ്രിൽ ആറിനായിരുന്നു. ആലിയാ മുഹമ്മദ് ബക്കർ തന്റെ സുഹൃത്തുക്കളുടേയും അയൽവാസികളുടേയും സഹായത്തോടെ ബസ്റ സെൻട്രൽ ലൈബ്രറിയിലെ എഴുപത് ശതമാനം പുസ്തകങ്ങളും സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ഒൻപത് ദിനങ്ങൾ കൂടി കഴിഞ്ഞപ്പോൾ ലൈബ്രറി കത്തിക്കരിഞ്ഞ് ചാരമായി. ഈ സംഭവത്തെക്കുറിച്ച് ആദ്യം റിപ്പോർട്ട് ചെയ്തത് ന്യൂയോർക്ക് ടൈംസിന്റെ റിപ്പോർട്ടർ ഷൈലാകെ ദിവാനായിരുന്നു. ഷൈല ഇതിനെക്കുറിച്ചറിഞ്ഞത് അനിസ് മുഹമ്മദിന്റെ ഹോട്ടൽ ഹംദാനിൽ നിന്നായിരുന്നു. ഹംദാൻ സെൻട്രൽ ലൈബ്രറിക്കടുത്തായിരുന്നു സ്ഥിതി ചെയ്തിരുന്നത്. ബസ്റയിലെ പ്രസിദ്ധമായ ഹോട്ടലായിരുന്നു അത്. യുദ്ധവുമായി ബന്ധപ്പെട്ടുള്ള ആവേശകരമായ ഒരു സംഭവകഥ അനിസിന്റെ പക്കലുണ്ടെന്ന വിവരം ഷൈലക്ക് നൽകിയത് അവരുടെ ദ്വിഭാഷിയായിരുന്നു. ഈ കഥ കേൾക്കാനായി അനിസുമായി ബന്ധപ്പെട്ട് ഷൈല സമയം നിശ്ചയിച്ചു. ആലിയായും തദവസരത്തിൽ സന്നിഹിതയായി. ഇപ്രകാരം അവർ മൂന്നുപേരും കൂടിച്ചേർന്നതിന്റെ ഫലമായാണ് ഈ അത്ഭുതകരമായ കഥ ലോകം അറിഞ്ഞത്. ലൈബ്രറി കത്തിക്കരിഞ്ഞ് അൽപ്പ നിമിഷങ്ങൾക്കകം ആലിയാക്ക് ഹൃദയസ്തംഭനമുണ്ടായി. ഒരു ഹൃദയ ശസ്ത്രക്രിയക്ക് അവർ വിധേയയായി. സാവധാനത്തിൽ അവർ സുഖം പ്രാപിച്ച് വരികയാണ്. തന്റെ അനാരോഗ്യം വകവെക്കാതെ തന്നെ ആലിയ ലൈബ്രറിയുടെ പുനർനിർമാണ പ്രവർത്തനങ്ങൾ കഴിയുന്നതും വേഗം തുടങ്ങണമെന്നുള്ള ദൃഢനിശ്ചയത്തിലാണ്.

പടച്ചവൻ മുഹമ്മദിനോട് ആദ്യം പറഞ്ഞ കാര്യം പഠിക്കൂ എന്നാണെന്ന് ഖുറാനിലുണ്ട്.





മണൽ പ്രദേശങ്ങളാൽ നിറഞ്ഞ ഇറാഖിന്റെ തുറമുഖ നഗരമാണ് ബസ്റ.

ആ നഗരത്തിലെ ലൈബ്രേറിയാണ് അലിയാ മുഹമ്മദ് ബക്കർ.



ആലിയായുടെ ഗ്രന്ഥാ
ലയം പുസ്തക പ്രേമികൾ
ഒത്തു കൂടാറുള്ള സ്ഥലമാ
ണ്.

മതങ്ങൾ, ആത്മാവ്, എന്നിവ
യെക്കുറിച്ചും ലോക
ത്താകെ നടക്കുന്ന സംഭവ
ങ്ങളെപ്പറ്റിയുമെല്ലാം അവർ
ചർച്ച ചെയ്യാറുണ്ട്.





പക്ഷെ ഇതെല്ലാം പഴയ കാര്യങ്ങൾ. ഇപ്പോൾ യുദ്ധത്തെ ക്കുറിച്ചു മാത്രമാണ് സംസാരം

യുദ്ധക്കഴുപ്പങ്ങൾക്കിടയിൽപ്പെട്ട് തന്റെ
ലൈബ്രറിയും കത്തിച്ചാമ്പലാവുമെന്ന്
ആലിയാ ഭയപ്പെട്ടു.

ഒരു കുന്ന് സ്വർണത്തേക്കാളും വിലപിടി
ച്ചതായിരുന്നു അവർക്കാ പുസ്തകങ്ങൾ.
വിവിധ ഭാഷകളിലെ പുസ്തകങ്ങൾ ആ
ലൈബ്രറിയുണ്ടായിരുന്നു.

പഴയതും പുതിയതുമായ നിരവധി പ
ുസ്തകങ്ങൾ... എഴുന്നൂറ് വർഷം പഴക്ക
മുള്ള മുഹമ്മദ് നബിയുടെ ജീവചരിത്ര
മായ സ്ഥലത്തേക്ക് മാറ്റുന്നു.



പുസ്തകങ്ങൾ സുരക്ഷിതമായ സ്ഥല
ത്തേക്ക് മാറ്റാനുള്ള അനുവദാം നൽകാൻ
ആലിയ ബസ്റയിലെ ഗവൺറോട്
അഭ്യർത്ഥിച്ചു. പക്ഷേ, നിരസിച്ചു.

അതുകൊണ്ട് ഇക്കാര്യം ആലിയ സ്വന്തം ഏറ്റെടുത്തു.


ലൈബ്രറിയിലെ ജോലിയെല്ലാം കഴിഞ്ഞ് മടങ്ങുമ്പോൾ രാത്രിയിൽ രഹസ്യമായി തന്റെ കാറിൽ കൊള്ളാവുന്നത്ര പുസ്തകങ്ങൾ ആലിയ തന്റെ വീട്ടിലെത്തിച്ചു കൊണ്ടിരുന്നു.




യുദ്ധം ക്രമേണ അതിന്റെ രൗദ്രഭാവം കൈവരികകാൻ തുടങ്ങി.

പല സർക്കാർ ഓഫീസുകളു ടേയും പ്രവർത്തനം ലൈബ്രറി യിലേക്ക് മാറ്റി.

ടെറസ്സിൽ തോക്കുധാരിക ളായ പട്ടാളക്കാർ കാവൽ നിൽക്കാൻ തുടങ്ങി. ഏറ്റവും മോശമായത് സംഭവിക്കുമെന്ന ഭയത്തോടെ ആലിയ കാത്തിരു ന്നു.



പിന്നീട് കേട്ടുകേൾവികൾ
യാഥാർത്ഥ്യമായി മാറിത്തുടങ്ങി.



അങ്ങനെ ബാസ്റയിലും
യുദ്ധം എത്തിക്കഴിഞ്ഞു.



12

ബോംബേറുകളും, വെടിവെപ്പു
കളും ഉഗ്രസ്ഫോടനങ്ങളും നഗര
ത്തിന് തീകൊളുത്തി



ലൈബ്രറിയിൽ താവളമടിച്ചി
രുന്ന സർക്കാർ ജീവനക്കാരും
അവരെ സംരക്ഷിച്ചിരുന്ന പട്ടാള
ക്കാരും അവിടവം  വിട്ടുപോയി.

എല്ലാ സംഭവങ്ങൾക്കും സാക്ഷി
യായി. പുസ്തകങ്ങളെ സംര
ക്ഷിക്കാൻ ആലിയ മാത്രം അവ
ശേഷിച്ചു.



ലൈബ്രറി കോമ്പൗണ്ട
ിന്റെ മതിനിലപ്പുറത്ത്
ഹോട്ടൽ

നടത്തുന്ന സ്നേഹിതൻ
അനിസ് മുഹമ്മദിനെ
വിളിച്ച് ആലിയ പറഞ്ഞു.

ഈ പുസ്തകങ്ങളെ


രക്ഷിക്കുവാൻ നിങ്ങൾ
എന്നെ സഹായിക്കുമോ?



ഈ പുസ്തകങ്ങൾ പൊതിഞ്ഞ് കൊണ്ടു പോകാൻ ഈ കർട്ടൻ ഉപയോഗപ്പെടുത്താൻ കഴിയും. അനിസ് സഹകരിച്ചു. എന്റെ ഹോട്ടലിൽ വലിയ കൊട്ടകളും, പെട്ടികളും കാണും.

പുസ്തകങ്ങൾ കൊണ്ടുപോകാനായി ഇവിടെയുള്ള ചാക്കുകളും പ്രയോജനപ്പെടുത്താം.

എങ്ങനെയെങ്കിലും ഈ പുസ്തകങ്ങൾ ഇവിടെയിന്നും മാറ്റിയേ തീരൂ.



ആലിയായും അനിസും അനീസിന്റെ സഹോദരന്മാരും സുഹൃത്തുക്കളായ ഏതാനും കച്ചവടക്കാരും ചേർന്ന് രാത്രി മുഴുവൻ ജോലി ചെയ്താണ് പുസ്തകങ്ങൾ മാറ്റിയത്. അലമാരകളിൽ നിന്നും പുസ്തകങ്ങൾ എടുത്ത് അതെല്ലാം ഏഴടി ഉയരമുള്ള ലൈബ്രറി മതിലിനു മുകളിലൂടെ അപ്പുറത്തെത്തിച്ച് അനിസിന്റെ ഹോട്ടൽ മുറിയിൽ ഒളിപ്പിച്ചു വെക്കുകയായിരുന്നു.




പുസ്തകങ്ങളെല്ലാം ഒളിച്ച്
വെച്ചിടത്ത് തുടർന്നു.

യുദ്ധം തുടർന്നുകൊണ്ടിരു
ന്നു.



ഒൻപത് ദിവസങ്ങൾക്ക് ശേഷം


ആ ലൈബ്രറി കത്തിച്ചാമ്പലായി.



അടുത്ത ദിവസം അനിസിന്റെ ഹോട്ടലിലെ
ത്തിയ പട്ടാളക്കാർ അനിസിനോട് ചോദിച്ചു.

തനിക്കെന്തിനാണ് ഈ തോക്ക്? ബിസിനസ്
സംരക്ഷിക്കാനാണ്


അനിസ് പറഞ്ഞു.



ഹോട്ടലിന്റെ ഉൾവശം പരിശോധിക്കാൻ മനസാ
സന്തോഷിച്ചു. മികച്ച പുസ്തക ശേഖരം തന്റെ
ഹോട്ടൽ മുറിയിൽ ഒളിപ്പിച്ച് വെച്ച കാര്യം
ഇവർക്ക് പിടികിട്ടിയിട്ടില്ല.

യുദ്ധം തുടർന്നുകൊണ്ടിരുന്നു. ഇപ്പോൾ പുസ്തകങ്ങൾ വെച്ചിരിക്കുന്ന സ്ഥലവും അത്ര സുരക്ഷിതമല്ലെന്ന് ആലിയാക്കറിയാമിരുന്നു. നഗരം അൽപം ശാന്തമായാൽ പുസ്തകങ്ങൾ കുറെക്കൂടി സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റണം.

അതുകൊണ്ട് ഒരു ട്രക്ക് വാടകയ്ക്കെടുത്ത് മുപ്പതിനായിരത്തോളം വരുന്ന മുഴുവൻ പുസ്തകങ്ങളും തന്റെയും സുഹൃത്തുക്കളുടേയും വീടുകളിലെത്തിച്ചു.




ആലിയായുടെ വീട്ടിൽ എല്ലായി
ടത്തും പുസ്തകങ്ങൾകൊണ്ട്
നിറഞ്ഞിരുന്നു.

നിലത്തും അലമാരയിലും
ജനാലക്കരികിലും എവിടെ നോക്കി
യാലും നിരനിരയായി പുസ്തകങ്ങള
ടുക്കിവെച്ചത് കാണാമായിരുന്നു.




മറ്റൊന്നും വെക്കാൻ സ്ഥലം ബാക്കിയുണ്ടായിരുന്നില്ല.



ആലിയ കാത്തിരുന്നു.

.





യുദ്ധം അനസാനിക്കാനായി
അവർ കാത്തിരുന്നു.




സമാധാനത്തിന്റെ ദിനങ്ങൾ കടന്നുവരുമെന്ന പ്രതീക്ഷയുമായി അവർ കാത്തിരുന്നു.



അവർ കാത്തിരിപ്പ് തുടർന്നു.



പുതിയ ലൈബ്രറി സ്പനം കണ്ടു.



പക്ഷെ, അതുവരെ ബസ്റയിലെ ലൈബ്രേറിയന്റെ വസതി
യിൽ പുസ്തകങ്ങൾ സുരക്ഷിതമാണ്

